**കേരളസർക്കാർ**

നം.55353/ആർ.എ1/2013/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 09/09/2013

# സർക്കുലർ

വിഷയം :- തദ്ദേശസ്വയം ഭരണ വകുപ്പ്-കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി- തീരദേശ മേഖലയിലെ കെട്ടിട നിർമ്മാണം - സംബന്ധിച്ച്.

സൂചന :- 1) 04/01/2011-ലെ 67370/ ആർ.എ1/10/തസ്വഭവ.നം. സർക്കുലർ
2) 26/01/2013-ലെ 1722/എ2/12/ശാ.സാ.വ. നം.സർക്കുലർ

തീരദേശ മേഖലകളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി/ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സൂചന 2-ലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തീരദേശ വിജ്ഞാപനത്തിലെ നിബന്ധനകൾ പാലിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ അനുമതിയും കെട്ടിട നമ്പറും നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ മേഖലകളിൽ വ്യാപകമായി CRZ ലംഘനത്തോടുകൂടി നിർമ്മാണം നടത്തിയിട്ടുള്ളത് ബഹു.സുപ്രീംകോടതിയുടെ വിമർശനത്തിന് ഇടയായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ നടപടി സർക്കാർ ഗൗരവമായി വീക്ഷിക്കുന്നു.

തീരദേശ നിയന്ത്രണ മേഖലകളിലെ കെട്ടിട നിർമ്മാണം സുതാര്യവും കുറ്റവിമുക്തവുമാക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തീരദേശ നിയന്ത്രണ നിയമം പാലിക്കപ്പെടാത്ത മുഴുവൻ കെട്ടിടങ്ങൾക്കെതിരെയും അടിയന്തിരമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. CRZ ലംഘനങ്ങളോടെ നിർമ്മാണം പൂർത്തിയാക്കിയ /നിർമ്മാണം നടന്നുവരുന്ന മുഴുവൻ കെട്ടിടങ്ങളുടേയും വിശദവിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമ്മയിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും <u>15/10/2013-ന് മുമ്പായി</u> നഗരകാര്യ ഡയറക്ടർക്ക്/പഞ്ചായത്ത് ഡയക്ടർക്ക് സമർപ്പിക്കേണ്ടതാണ്.ഇതു സംബന്ധിച്ച <u>സമാഹൃത റിപ്പോർട്ട് 2013 ഒക്ടോബർ 31-ന്</u> മുമ്പായി നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.
3. തീരദേശ വിജ്ഞാപന നിയമത്തിലെ നിബന്ധനകൾ പാലിക്കാതെ കെട്ടിട നിർമ്മാണത്തിന് അനുമതി /കെട്ടിട നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട ഡയറക്ടർമാർ

വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് Action Taken Report സർക്കാരിന് 30/11/13നു മുമ്പായി ലഭ്യമാക്കേണ്ടതാണ്.

4. സർക്കാർ കാലാകാലങ്ങളിൽ ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിക്കാതെയും പാലിക്കാതെയും കെട്ടിട നിർമ്മാണ അനുമതി /ശുപാർശ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് .

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങാപ്പാറ, തിരുവനന്തപുരം(തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിനായി)

പബ്ളിക് റിലേഷൻസ് ഡയറക്ടർ,(പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ.)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ മുഖേന)

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പ്രൊഫോർമ</u>

| ക്രമ നമ്പർ | പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ | പേര്, വിലാസം സർവ്വേ നമ്പർ, വില്ലേജ് | കെട്ടിടത്തിന്റെ സ്വഭാവം (വീട്, വ്യാപാരം/ടൂറിസം/ മറ്റുള്ളവ | CRZ ലംഘനം |
| --- | --- | --- | --- | --- |
| | | | | |